**Athmaraksha.org**

പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം

May 3



പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം: മൂന്നാം തീയതി
മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു' (ലൂക്കാ 1:38).

അമലോത്ഭവയായ പരിശുദ്ധ അമ്മ
ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സ്വഭാവാതീതമായ ദൗത്യത്തിനു വേണ്ടിയാണ്. സ്വാഭാവിക നന്മകൾക്കു പുറമേ ദൈവികമായ പ്രസാദവരങ്ങളും ദാനങ്ങളും വഴി അവിടുന്ന് ദൈവിക ജീവനിൽ മനുഷ്യന് ഭാഗഭാഗിത്വം നൽകിയിരുന്നു. ആദിമാതാപിതാക്കൾക്കു ലഭിച്ച ദൈവീകദാനം കേവലം വ്യക്തിപരമായിരുന്നില്ല. മറിച്ച് അവരുടെ സന്താനപരമ്പരകൾക്ക് അനുസ്യൂതമായി പ്രസ്തുത ദാനങ്ങൾ ലഭിക്കണമെന്നായിരുന്നു ദൈവികമായ പദ്ധതി. എന്നാൽ പാപം ചെയ്തതോടുകൂടി ഈ ദൈവീക ദാനം ആദിമ മാതാപിതാക്കൻമാർക്ക് നഷ്ടപ്പെട്ടു. അവരുടെ പാപഫലത്തിൽ നാമും പങ്കാളികളായിത്തീർന്നു.

ആദിമാതാപിതാക്കൻമാരുടെ പാപഫലമായി നമുക്കുണ്ടായ ജന്മസിദ്ധമായ പാപമാണ് ഉത്ഭവപാപം. സാമാന്യാർത്ഥത്തിൽ, ഉത്ഭവപാപം നമ്മെ സംബന്ധിച്ചിടത്തോളം പാപമെന്നു പറയുവാൻ സാധ്യമല്ല. മനുഷ്യവർഗ്ഗത്തിലേക്ക് മാറ്റപ്പെട്ട ആദത്തിന്റെ പാപം മൂലം നമ്മുക്ക് സംഭവിച്ച ദുരവസ്ഥയാണ് ആത്മാവിലെ പ്രസാദവരരാഹിത്യാവസ്ഥ. എല്ലാ മനുഷ്യരും ഉത്ഭവ പാപത്തോടു കൂടിയാണു ജനിക്കുന്നത് എന്നുള്ള വസ്തുത വി.ഗ്രന്ഥത്തിൽ നിന്നും വ്യക്തമാകുന്നു. 'ഒരു മനുഷ്യന്റെ പാപത്താൽ, ആ മനുഷ്യൻമൂലം മരണം ആധിപത്യം നടത്തിയെങ്കിൽ, കൃപയുടെയും നീതിയുടെ ദാനത്തിന്റെയും സമൃദ്ധി സ്വീകരിക്കുന്നവർ യേശുക്രിസ്തു എന്ന ഒരു മനുഷ്യൻമൂലം എത്രയോ അധികമായി ജീവനിൽ വാഴും' (റോമ: 5:17).

പരിശുദ്ധ അമ്മ അമലോത്ഭവയാണെന്നുള്ളതിന്റെ തെളിവുകൾ വി.ഗ്രന്ഥത്തിൽ സുലഭമാണ്. 'നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൾ നിന്റെ തലയെ തകർക്കും' (സൃഷ്ടി 3:15) എന്ന വാക്കുകളും ഗബ്രിയേൽ ദൂതന്റെ അഭിവാദ്യവും പ.കന്യകയുടെ അമലോത്ഭവത്തിനു തെളിവാകുന്നു. പിതാവായ ദൈവം മേരിയെ അതുല്യ ദാനങ്ങളാൽ സമലങ്കരിച്ചു. മറിയം അവളുടെ ജനനത്തിൽ തന്നെ സകല വരപ്രസാദങ്ങളാലും സമലംകൃതയായിരുന്നു.

1854ൽ പരിശുദ്ധ ഒമ്പതാം പീയൂസ് മാർപാപ്പ, പരിശുദ്ധ കന്യകയുടെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. 1856ൽ പരിശുദ്ധ കന്യക ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട് ഞാൻ അമലോത്ഭവയാകുന്നു എന്ന്! അരുളിച്ചെയ്തു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഭൗതിക വാദത്തിനെതിരായിട്ടുള്ള ഒരു വെല്ലുവിളിയായിരുന്നു അത്.

നമ്മുടെ അനുദിന ജീവിതത്തിൽ പാപസാഹചര്യങ്ങളും അപകടങ്ങളുമുണ്ട്. പരിശുദ്ധ അമ്മയുടെ പ്രിയപ്പെട്ട മക്കളായ നാം ഓരോരുത്തരും പരിശുദ്ധ കന്യകയുടെ അമലോത്ഭവത്തിൽ അഭിമാനിക്കുകയും പാപരഹിതമായ ജീവിതം അനുവർത്തിക്കുകയും ചെയ്യണം. നമുക്ക് ജ്ഞാനസ്നാനത്തിലൂടെ ഉത്ഭവപാപത്തിൽ നിന്ന്! മോചനം ലഭിക്കുന്നുണ്ട്. എന്നാൽ കർമ്മപാപത്തിൽ നിന്നും ദൈവസഹായത്താൽ വിമുക്തി പ്രാപിക്കേണ്ടതാണ്. അമലോത്ഭവനാഥയുടെ മാദ്ധ്യസ്ഥം അതിനു സഹായകരമായിരിക്കും.

## സംഭവം

വിശ്വപ്രസിദ്ധമായ ലൂർദ്ദ് ഇന്ന് ഒരു അത്ഭുത കേന്ദ്രമാണ്. അനുദിനം അനേകം അത്ഭുതങ്ങൾ അവിടെ നടക്കുന്നുണ്ട്. ഫ്രാൻസിലെ ഒരു ഡോക്ടറായ അലോക്സിസ്കാറൽ ഒരു നിരീശ്വരവാദിയായിരിന്നു. ഒരിക്കൽ ഒരു ക്ഷയരോഗ ബാധിതനെ ചികിത്സിച്ചു കൊണ്ടിരുന്ന അലോക്സിസ്കാറൽ അയാളുടെ രോഗവിമുക്തി അസാദ്ധ്യമാണെന്നും വിധിച്ചു. പക്ഷെ ആ രോഗി ലൂർദ്ദിലേക്കു ഒരു തീർത്ഥാടനം നിർവഹിക്കുകയാണ് ചെയ്തത്. അവിടെ നിന്നും തിരിച്ചെത്തിയ രോഗി രോഗത്തിൽ നിന്നും പരിപൂർണ്ണസൌഖ്യം പ്രാപിച്ചു.
താൻ മരണം ഉറപ്പാക്കിയ വ്യക്തിയ്ക്ക് സംഭവിച്ച രോഗമുക്തി പരിശുദ്ധ അമ്മ പ്രവർത്തിച്ച അത്ഭുതമാണെന്ന് അലോക്സിസ് കാറൽ അംഗീകരിക്കുകയുണ്ടായി. ഇതേ തുടർന്നു, ഫ്രഞ്ച് യുക്തിവാദികളുടെ സംഘം അദ്ദേഹത്തെ അവരുടെ സംഘടനയിൽ നിന്നും ബഹിഷ്കരിച്ചു. എങ്കിലും ഈ അത്ഭുതം അദ്ദേഹം നിഷേധിച്ചില്ല. വർഷങ്ങൾക്ക് ശേഷം അമേരിക്കയിൽ ചെന്ന് വൈദ്യശാസ്ത്ര ഗവേഷണങ്ങളിലേർപ്പെട്ട അദ്ദേഹം നോബൽ സമ്മാനാർഹനായി.

## പ്രാർത്ഥന

ദൈവമേ, അങ്ങ് പരിശുദ്ധ കന്യകാ മറിയത്തെ അമലോത്ഭവം എന്ന സുവിശേഷ ദാനത്താൽ അലങ്കരിക്കുകയുണ്ടായല്ലോ. ഞങ്ങൾ അങ്ങേയ്ക്ക് കൃതജ്ഞത പറയുന്നു. അമലോത്ഭവ ജനനീ അങ്ങ് പാപരഹിതമായ ജന്മത്തെ അത്യധികം വിലമതിക്കുന്നതായി ഞങ്ങളെ അറിയിച്ചു. അമലോത്ഭവ നാഥേ, പാപരഹിതമായ ജീവിതം നയിക്കുന്നതിനുള്ള അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ. ആത്മശരീര വിശുദ്ധി ഞങ്ങളെ അവിടുത്തേക്ക് പ്രിയങ്കരമായി തീർക്കുന്നു എന്ന്! ഞങ്ങൾക്കറിയാം. അതിനാൽ ഞങ്ങൾക്ക് അതിനുള്ള ദാനങ്ങൾ ദിവ്യസുതനിൽ നിന്നും പ്രാപിച്ചു തരണമേ.

